# വ്യാജ ചാരായ നിർമ്മാണം: പ്രതി പിടിയിൽ

തിരുവനന്തപുരം: വലിയതുറ മാധവപുരം ചാമുണ്ഡി ക്ഷേത്രത്തിനു സമീപം വ്യാജ ചാരായ നിർമ്മാണം നടത്തി വന്നയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. വെട്ടുകാട് മാധവപുരം പുതുവൽപുത്തൻ വീട്ടിൽ സ്വർണ്ണപ്പല്ലൻ അനി എന്ന് വിളിക്കുന്ന സായൂജ് സതീഷ് (41) നെയാണ് വലിയതുറ പോലീസ് അറസ്റ്റ് ചെയ്തത്. ഇയാളുടെ വീട്ടിൽ നിന്നും ചാരായ നിർമ്മാണത്തിനായി സൂക്ഷിച്ചിരുന്ന 20 ലിറ്റർ വാഷും വാറ്റുപകരണങ്ങളും പിടിച്ചെടുത്തു.


വലിയതുറ പോലീസ് അറസ്റ്റ് ചെയ്ത സായൂജ് സതീഷ് (41)

ലോക്ക്ഡൗണിനോടനുബന്ധിച്ച് മദ്യശാലകൾ അടച്ചിട്ടിരിക്കുന്ന സാഹചര്യത്തിൽ, വ്യാജ ചാരായം നിർമ്മിച്ച് വിൽപ്പന നടത്തി വരുന്നതായി ശംഖുമുഖം അസി. കമ്മീഷണർ എം.എ നസീറിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ചാരായ നിർമ്മാണ സാമഗ്രികളുമായി പ്രതി പിടിയിലായത്. ഇയാൾക്കെതിരെ തിരുവനന്തപുരം ജില്ലയിലെ വിവിധ സ്റ്റേഷനുകളിലായി 30-ഓളം ക്രിമിനൽ കേസുകൾ നിലവിലുണ്ട്. പോലീസ് പരിശോധനയ്ക്ക് എത്തിയ സമയം ഓടി രക്ഷപ്പെട്ട ഇയാളുടെ സഹായികളായ സഹോദരൻ സഞ്ചയ് സതീഷ്, മകൻ നിഖിൽ എന്നിവരേയും ഈ കേസിൽ പ്രതി ചേർത്തിട്ടുണ്ട്. വലിയതുറ എസ്.എച്ച്.ഒ അരുൺ എസ്-ന്റെ നേതൃത്വത്തിൽ എസ്.ഐ മാരായ അലോഷ്യസ് അലക്സാണ്ടർ, അഭിലാഷ്, എ.എസ്.ഐ മാരായ ജോസ്, തങ്കച്ചൻ, സി.പി. ഒ മാരായ ഷാബു, വിബിൻ, സിയാദ്, സുലു എന്നിവരടങ്ങിയ പോലീസ് സംഘമാണ് റെയ്ഡ് നടത്തി പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ